**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 262** **27-01-2026 - ൽ മറുപടിയ്ക്ക്**

**മലപ്പുറം താലൂക്ക് ആശുപത്രിയിലെ പുതിയ കെട്ടിട നിർമ്മാണത്തിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ പി.എം.ജെ.വി.കെ. പദ്ധതിയിൽ ഉൾപ്പെടുത്തിയ അത്യാധുനിക കെട്ടിട നിർമ്മാണ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | 2021-22 സാമ്പത്തിക വർഷത്തിൽ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ 33-മത് എംപവേർഡ് കമ്മിറ്റി മലപ്പുറം താലൂക്ക് ആശുപത്രിയിൽ 5809.48 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള (RCC Framed 4 storey building) Advanced Medical Complex നിർമ്മിക്കുന്നതിന് 9.72 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്.<br><br>ഇപ്രകാരം ഭരണാനുമതി നൽകിയ നിർദ്ദിഷ്ട പ്ലാൻ എസ്റ്റിമേറ്റിൽ നിന്നും ഒരു നില ഒഴിവാക്കുന്നതുൾപ്പെടെ മാറ്റങ്ങൾ ഉള്ളതായി നിർവ്വഹണ ഉദ്യോഗസ്ഥൻ (മലപ്പുറം നഗരസഭ സെക്രട്ടറി) റിപ്പോർട്ട് ചെയ്തിട്ടുള്ളതും അതനുസരിച്ചിട്ടുള്ള പുതുക്കിയ പ്രൊപ്പോസൽ 05.01.2026 -ന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും, പുതുക്കിയ പ്രൊപ്പോസലിൽ ഒരു നിലയുടെ നിർമ്മാണം ഒഴിവാക്കിയിരിക്കുന്നതായി കമ്മിറ്റി വിലയിരുത്തുകയും, ഒരു നിലയുടെ നിർമ്മാണം ഒഴിവാക്കിയിരുന്നെങ്കിലും പദ്ധതി ചെലവിൽ കുറവ് വരുത്താതിരുന്നത് പുനഃപരിശോധിച്ച് പദ്ധതി നിർദ്ദേശവുമായി പൊരുത്തപ്പെടുന്ന തരത്തിൽ വിശദമായ പുതുക്കിയ (revised) എസ്റ്റിമേറ്റ് സമർപ്പിക്കാൻ കമ്മിറ്റി നിർദേശം നൽകിയിട്ടുമുണ്ട്. |
| (ബി) | ചീഫ് സെക്രട്ടറി അധ്യക്ഷൻ സംസ്ഥാന തല സമിതി യോഗം ചേർന്ന് പുതിയ പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാലതാമസത്തിനുള്ള കാരണം എന്താണ്; വിശദമാക്കാമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു |
| (സി) | പി.എം.ജെ.വി.കെ 972 ലക്ഷം രൂപയുടെ റിവൈസ്ഡ് പ്രൊപ്പോസൽ അംഗീകരിക്കുന്നതിന് | (സി) | മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു |

| | | | |
|---|---|---|---|
| | എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ